(സി) എങ്കിൽ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ വെരിഫിക്കേഷൻ യഥാസമയം പൂർത്തിയാക്കുന്നതിന് പി.എസ്.സി.യിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010 മുതൽ നിയമന ശിപാർശ നടത്തിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	എണ്ണം
2010	44272
2011	33153
2012	28425
2013	39183
2014 (ഏപ്രിൽ മാസം വരെ)	10133
ആകെ	155166

(ബി & സി) പി.എസ്.സി. വഴി നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ നിയമന പരിശോധന കമ്മീഷന്റെ ആസ്ഥാന ഓഫീസുകളിലും മറ്റ് ജില്ലാ റീജിയണൽ ഓഫീസുകളിലും നടത്തിക്കൊണ്ടിരിക്കുകയാണ് നിയമനം ലഭിച്ചവരുടെ നിയമന പരിശോധന സമയബന്ധിതമായി പൂർത്തിയാക്കിവരുന്നു.

പുതുതായി നിയമനം ലഭിക്കുന്നവർക്ക് പരിശീലനത്തിന് നടപടി

72 (7631) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ അച്ചടക്കനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും കുറഞ്ഞത് രണ്ടുമാസത്തെയെങ്കിലും ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ പരിശീലനം നൽകാൻ രണ്ട് ജില്ലയ്ക്ക് ഒന്ന് എന്ന ക്രമത്തിൽ ഏഴ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ബോധപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസിലെ ചട്ടങ്ങളനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുഴുവൻ ജീവനക്കാർക്കും ഇൻഡക്ഷൻ പരിശീലനം നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ കേരളത്തിലെ ജില്ലകളെ 3 മേഖലകളാക്കി തിരിച്ച് ഐ.എം.ജി.-യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സെന്ററുകളിൽ വച്ച് ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പരിശീലനം നൽകിവരുന്നുണ്ട്.

കമ്പനി/ബോർഡ്/കോർപ്പറേഷനിലേക്കുള്ള അസിസ്റ്റന്റ് നിയമനം

73 (7632) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനപ്പെട്ട എല്ലാ തസ്തികകളിലേക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ പി.എസ്.സി-യോട് ശുപാർശ ചെയ്തിട്ടും വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് എത്രയുംപെട്ടെന്ന് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേക്കുള്ള ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ അസിസ്റ്റന്റ് ഗ്രേഡ്-2 (കാറ്റഗറി നമ്പർ 489/2011) തസ്തികയുടെ സാധ്യതാ പട്ടിക 23-5-2014-ന് പ്രസിദ്ധീകരിച്ചിരുന്നു. ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് കൊല്ലം മേഖലാ ഓഫീസിലായതിനാൽ അനുബന്ധ രേഖകൾ ടി ഓഫീസിലേക്ക് കൈമാറിയിരിക്കുകയാണ്. 14054 പേർ ഉൾപ്പെട്ട ടി സാധ്യതാ പട്ടികയിലെ 48 വികലാംഗ ഉദ്യോഗാർത്ഥികൾ ഒഴികെയുള്ള 14006 ഉദ്യോഗാർത്ഥികളുടെ അസ്സൽ പ്രമാണ പരിശോധന കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ വിവിധ ജില്ലാ, മേഖലാ ഓഫീസുകളിലായി 2014 ജൂലൈ 15 മുതൽ 25 വരെ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. റാങ്ക് പട്ടിക സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പ്രമാണ പരിശോധന കഴിയുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടുന്ന കമ്പനി/കോർപ്പറേഷനുകളിലേക്കുള്ള അസിസ്റ്റന്റ് ഗ്രേഡ്/ജൂനിയർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 490/2011) തസ്തികയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

എൽ.ഡി.സി. നിയമനം

74 (7633) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യിൽ ഇപ്പോൾ നിലവിലുള്ള ജില്ലാതല എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റുകളിൽനിന്ന് നാമമാത്രമായ നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly